"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ-കണ്ടിജൻറ് ശുചീകരണ തൊഴിലാളികളുടെ സേവനം- സീനിയോറിറ്റി ലിസ്റ്റും സേവനക്രമീകരണവും - WP(C) 23455/2021, 10982/2018, 17901/2018, 14319/2013, 13999/2017, 14000/2017, 23395/2014, 41289/2018 കേസുകളിൻമേലുള്ള ബഹു.ഹൈക്കോടതിയുടെ 23.08.2023 ലെ പൊതു വിധിന്യായം -CCC 1120/2024-നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1696/2024/LSGD തീയതി,തിരുവനന്തപുരം, 13-09-2024

---

പരാമർശം:-

1. 22.04.1982 ലെ ജി.ഒ (എം.എസ്) 14/82/LBR നമ്പർ ഉത്തരവ്
2. 29.03.2001 ലെ ജി.ഒ (എം.എസ്) 91/2001/തസ്വഭവ നമ്പർ ഉത്തരവ്
3. WP(C) 23455/2021, 10982/2018, 17901/2018, 14319/2013, 13999/2017, 14000/2017, 23395/2014, 41289/2018 കേസുകളിൻമേലുള്ള ബഹു.ഹൈക്കോടതിയുടെ 23.08.2023 ലെ വിധിന്യായം
4. തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 13.08.2024 തീയതികളിലെ ജി.സി1/64212/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിൽ സേവനമനുഷ്ഠിക്കുന്ന ദിവസവേതന/താൽക്കാലിക ജീവനക്കാർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന WP(C) 23455/2021, 10982/2018, 17901/2018, 14319/2013, 13999/2017, 14000/2017, 23395/2014, 41289/2018 റിട്ട് പെറ്റീഷനുകളിൻമേൽ പരാമർശം (3) പ്രകാരം ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ചുവടെ സൂചിപ്പിച്ചിരിക്കുന്ന നിർദേശങ്ങളോടെ ടി കേസുകൾ തീർപ്പാക്കിയിരുന്നു:

(a) The competent Authority of the Corporation is directed to prepare a list of Contingent Workers/Substitute Workers on their Roll, following the manner instructed by the Government in their applicable Order, as expeditiously as is possible, but not later than four months from the date of receipt of a copy of this judgment

(b) While the afore exercise is completed, the Corporation shall also first prepare and publish the Draft Seniority List; and if the petitioners, or any other person, has any objection to the same, they will be at liberty to make them known to the Corporation, which shall then be considered before finalising the Final Seniority List.

(c) On the Seniority List being so finalised, the Corporation will forward the same to the Government for approval and necessary action; which shall then be considered and necessary instructions issued within a period of three months thereafter. The claims of the petitioners will thereupon be decided by the Corporation in terms of their rank in the seniority list and will be accommodated against the vacancies, as per the instructions to be given by the Government, without any avoidable delay thereafter.

2. നഗരസഭയിൽ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നിയമിക്കപ്പെട്ട തൊഴിലാളികളും, പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ദിവസക്കൂലി അടിസ്ഥാനത്തിൽ 31.12.2000 വരെ നിയമിക്കപ്പെട്ട തൊഴിലാളികളും ഇല്ലാത്തതിനാൽ സ്ഥിര നിയമനത്തിനുള്ള സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് നഗരസഭയ്ക്ക് സാധ്യമല്ലാത്തതാണ് എന്ന വിവരം അറിയിച്ച് നഗരസഭ സർക്കാരിന് കത്ത് നൽകിയിട്ടുള്ളതാണ് എന്നും ശ്രീ.സതീശൻ എസ്. ബഹു ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത Con. Case (C) 1120/2024 നമ്പർ കേസിലെ ബഹു ഹൈക്കോടതിയുടെ 24.07.2024 ലെ ഇടക്കാല ഉത്തരവ് പ്രകാരം നഗരസഭയിൽ നിലവിൽ ജോലി ചെയ്തുവരുന്ന ദിവസവേതന ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി സർക്കാർ മുൻപാകെ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ് എന്നും നിലവിൽ WP(C)No.23455/2021 & others കേസിലെ കക്ഷികളായിട്ടുള്ള ജീവനക്കാർ Daily Wage Sanitation Workers, Daily Wage Anti Mosquito Workers, Daily Wage Watchmen, Daily Wage Sweeper/Counter Staff, Daily Wage Drivers എന്നിവരാണ് എന്നും ടി ജീവനക്കാരിൽ ഉൾപ്പെട്ട Daily Wage Sanitation Workers, Daily Wage Anti Mosquito Workers, Daily Wage Watchmen, Daily Wage Sweeper/Counter Staff എന്നിവർ 675/- രൂപ പ്രതിദിന വേതന നിരക്കിലും, Daily Wage Drivers 730/- രൂപ പ്രതിദിന വേതന നിരക്കിലുമാണ് നഗരസഭയിൽ ജോലി ചെയ്തു വരുന്നത് എന്നും ബഹു.ഹൈക്കോടതിയുടെ 24.07.2024 ലെ Contempt Case(C)No.1120/2024 കേസിലെ ഇടക്കാല ഉത്തരവ് പ്രകാരം Daily Wage Sanitation Workers, Daily Wage Anti Mosquito Workers, Daily Wage Watchmen, Daily Wage Sweeper/Counter Staff, Daily Wage Drivers എന്നിവരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതുമാണ് എന്നും കൂടാതെ നഗരസഭയിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തുമ്പൂർമുഴി എയ്റോബിക് ബിന്നുകളുടെ പരിപാലനം എന്ന പ്രോജക്ടിലേയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരം 2017 ആഗസ്റ്റ് മാസം മുതൽ ജീവനക്കാരെ താൽക്കാലികമായി നിയമിച്ചിട്ടുള്ളതും നിലവിൽ ബിന്നുകൾ പരിപാലിച്ച് വരുന്ന ടി 316 ജീവനക്കാർക്ക് നഗരസഭാ പ്രോജക്ടിൽ ഉൾപ്പെടുത്തി വേതനം/ഓണറേറിയം നൽകിവരുന്നതുമാണെന്നും ഇവർ പ്രോജക്ടിന്റെ ഭാഗമായ ജീവനക്കാർ ആയതിനാൽ ടി ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല എന്നും പരാമർശം (4) പ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ Daily Wage Sanitation Workers, Daily Wage Anti Mosquito Workers, Daily Wage Watchmen, Daily Wage Sweeper/Counter Staff, Daily Wage Drivers എന്നിവരുടെ സീനിയോരിറ്റി ലിസ്റ്റും തുമ്പൂർമുഴി എയ്റോബിക് ബിന്നുകളുടെ പരിപാലനത്തിനായി നഗരസഭയിൽ ജോലിചെയ്തു വരുന്ന ജീവനക്കാരുടെ ലിസ്റ്റും സർക്കാരിന്റെ തുടർനടപടികൾക്കും ബഹു.ഹൈക്കോടതിയുടെ WP(C)No.23455/2021 & others, 24.07.2024 ലെ Contempt Case(C)No.1120/2024 എന്നീ ഉത്തരവുകൾ പരിപാലിക്കുന്നതിനായി നഗരസഭാ സെക്രട്ടറി പരാമർശം (4) പ്രകാരം

സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. ടി സീനിയോറിറ്റി ലിസ്റ്റിൽ താഴെ പറയുന്ന 68 ജീവനക്കാരെ ഉൾപ്പെടുത്തിയിരിക്കുന്നു.

Daily Wage Sanitation Workers- 25

Daily Wage Anti Mosquito Workers - 22

Daily Wage Watchmen - 7

Daily Wage Sweeper/Counter Staff - 1

Daily Wage Drivers - 13

കൂടാതെ തുമ്പൂർമുഴി എയ്റോബിക് ബിന്നുകളുടെ പരിപാലനത്തിനായി നഗരസഭയിൽ ജോലിചെയ്തു വരുന്ന 316 ജീവനക്കാരുടെ പട്ടികയും ഉൾപ്പെടുത്തിയിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം തസ്തികകളിലെ നിയമനം കേരള മുൻസിപ്പൽ ആക്ട് സെക്ഷൻ 224(1) പ്രകാരം അതാത് മുൻസിപ്പൽ കൗൺസിലുകളുടെ അധികാരപരിധിയിലാണ്. ആവശ്യകതക്കനുസരിച്ചു മാത്രമാണ് സ്ഥിരനിയമനങ്ങൾ നടത്തേണ്ടത് എന്നും പൊതു നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ ടി നിയമനങ്ങൾ പരാമർശം (1), (2) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ നടത്താനാകുകയുള്ളു. ആയത് അനുസരിച്ച് പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിതരായവർക്കോ 31/12/2000 വരെ ദിവസക്കൂലിയടിസ്ഥാനത്തിൽ വിവിധ നഗരസഭകൾ നിയമിച്ച തൊഴിലാളികൾക്കോ മാത്രമേ കണ്ടിജന്റ് ജീവനക്കാർക്കുള്ള ബദൽ ലിസ്റ്റിൽ സീനിയോറിറ്റി അനുസരിച്ച് നിയമിക്കപ്പെടുന്നതിനും അതുവഴി സ്ഥിരം തസ്തികകളിലെ ഒഴിവുകളിൽ സ്ഥിരപ്പെടുന്നതിനും അർഹതയുള്ളൂ. പി.എസ്.സി നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായി പ്രയോജനപ്പെടുത്തണമെന്നും, അല്ലാത്തപക്ഷം വകുപ്പ് തലവൻമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും 05/02/2014 തീയതിയിലെ 25941/ജി2/2013/എൽബിആർ നമ്പർ സർക്കുലറിൽ കർശന നിർദ്ദേശമുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രകാരം

- Sanitation worker സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവർ എല്ലാവരും 2012-ൽ നിയമിതരായവർ ആണ്
- Antimosquito worker സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവർ 2003 മുതൽ 2012 വരെ വർഷങ്ങളിൽ നിയമിതരായവർ ആണ് .
- Daily wage watchmen സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവർ 2003 മുതൽ 2011 വരെ വർഷങ്ങളിൽ നിയമിതരായവർ ആണ് .
- Daily wage Sweeper 2007 ൽ നിയമിത ആണ്.
- Daily wage Drivers 1990 മുതൽ 2013 വരെ വർഷങ്ങളിൽ നിയമിതരായവർ ആണ്.

4. WPC 14319/2013 നമ്പർ കേസിൽ ഉൾപ്പെട്ടവർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആന്റിമൊസ്കിറ്റോ തസ്തികയിലേയ്ക്കുള്ള ഒഴിവിലേയ്ക്ക് എംപ്ലോയ്മെന്റ് ഓഫീസർ, അയച്ച ഉദ്യോഗാർത്ഥികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടവരാണെങ്കിലും ഇന്റർവ്യൂ നടത്താത്തതിനാൽ സബ്സ്റ്റിറ്റ്യൂട്ട് തൊഴിലാളിയായി നിയമിച്ചിട്ടില്ല എന്നും തിരുവനന്തപുരം നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ദിവസ വേതനത്തിലുള്ള Anti mosquito workers, drivers, Watchmen,Sweeper/Counter staff എന്നിവർ ആണ് കോടതി ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ളത്. ഡ്രൈവർമാർ 31.12.2000 ന് മുൻപ് ജോലിയിൽ പ്രവേശിച്ചവർ ആണെങ്കിലും ഡ്രൈവർമാർ കണ്ടിൻജന്റ് / സബ്സ്റ്റിട്യൂട്ട് തസ്തികയിൽ അല്ലാത്തതിനാൽ ടിയാളുകളെ സ്ഥിരപ്പെടുത്താൻ കഴിയുന്നതല്ല. പരാമർശം (2) ഉത്തരവുപ്രകാരം 31.12.2000 വരെയുള്ള നിയമനങ്ങൾ സ്ഥിരപ്പെടുത്താൻ നഗരസഭാ കൗൺസിലുകൾക്ക് കഴിയുന്നതാണ്. മേൽ സമർപ്പിത ലിസ്റ്റിൽ ഉൾപ്പെട്ടവർ പ്രസ്തുത 31.12.2000 തീയതിക്ക് ശേഷം നിയമിക്കപ്പെട്ടവർ ആണ്. 08.07.2022 ലെ 55/2022/Fin നമ്പർ സർക്കുലർ പ്രകാരവും ദിവസ വേതന ജീവനക്കാർക്ക് സീനിയോറിറ്റി നിർണ്ണയിക്കുവാനും സ്ഥിരപ്പെടുത്തുവാനും സാധിക്കുന്നതല്ല. സർക്കാർ മാനദണ്ഡപ്രകാരമുള്ള ക്രമവൽക്കരണം നടത്തുന്നതിനാണ് ബഹു ഹൈക്കോടതിയുടെ വിധിന്യായത്തിൽ (para a) -ൽ നിർദ്ദേശിച്ചിരിക്കുന്നത്. ആയതിനാൽ നിലവിൽ 31-12-2000 വരെയുള്ള ദിവസവേതനജീവനക്കാരെ മാത്രമേ സർക്കാർ മാനദണ്ഡപ്രകാരം സ്ഥിരപ്പെടുത്താൻ സാധിക്കുകയുള്ളൂ. ടി തീയതിക്ക് ശേഷം ചേർന്നവർ സ്ഥിരനിയമനത്തിനു അർഹത ഇല്ലാത്തവരാണ് എന്നതിനാൽ ഹർജികക്ഷികളുടെ ആവശ്യം അംഗീകരിക്കാവുന്നതല്ല . സംസ്ഥാനത്തെ നഗരസഭകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ ഉള്ള ലിസ്റ്റിൽ നിന്നു മാത്രമാണ് പരാമർശം ( 2 )ഉത്തരവ് പ്രകാരം കൺണ്ടിൻജന്റ് തൊഴിലാളികളുടെ നിയമനം നടത്തേണ്ടത് .ആയതിനാൽ നിലവിലുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ തിരുവനന്തപുരം നഗരസഭ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള ദിവസ വേതന ശുചീകരണ തൊഴിലാളികളായ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കുവാനും അംഗീകരിക്കുവാനും സാധിക്കാത്തതാണ്.

5. സർക്കാർ മാനദണ്ഡപ്രകാരം സേവനക്രമീകരണം ലഭിക്കാൻ അർഹതയുള്ളവരുടെ അഭാവത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി പരാമർശം (4) പ്രകാരം സമർപ്പിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കാൻ സാധ്യമല്ലാത്തതിനാൽ ആയത് അംഗീകരിക്കാതെ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ബഹു.ഹൈക്കോടതിയുടെ പരാമർശം (3) ലെ വിധിന്യായം ഇപ്രകാരം പാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ
ബന്ധപ്പെട്ട കക്ഷികൾക്ക് (തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Sonu Jacob**

**Date: 14-09-2024 08:32:32**

സെക്ഷൻ ഓഫീസർ